# ജിവിച്ചുതീർക്കാത്ത ജീവിതം



## ദാജി

**പൂജ്യ ശ്രീ ബാബുജി മഹാരാജിന്റെ**
127-ാം ജന്മവാർഷിക വേളയിൽ നൽകിയ സന്ദേശം
ഏപ്രിൽ 29, 30, മെയ് 1, 2026,
കൻഹ ശാന്തി വനം



# ജിവിച്ചുതീർക്കാത്ത ജീവിതം

## ഭയം പരിത്യജിച്ചതിനെ വിശ്വാസമെങ്ങിനെ കൊണ്ടുനടക്കുന്നു

പ്രിയ സുഹൃത്തുക്കളേ,

നമ്മുടെ പരിണാമത്തിന് തടസ്സമാകാവുന്ന ആറ് പ്രതിബന്ധങ്ങളെക്കുറിച്ച് 2026 ബസന്ത് ഉത്സവവേളയിൽ നൽകിയ സന്ദേശ പരമ്പരയിൽ നാം സൂക്ഷ്മ പരിശോധന നടത്തുകയുണ്ടായി: ആഗ്രഹവും ആത്മീയ അഭിവാഞ്ഛയും വിപരീത ദിശകളിലേക്ക് ഹൃദയത്തെ വലിക്കുമ്പോഴെന്തു സംഭവിക്കും; മുന്നോട്ടുപോവുന്നതിനുള്ള പ്രേരണ നഷ്ടമാവുമ്പോൾ ഊർജ്ജത്തിനെന്തു സംഭവിക്കും; ആത്മീയ ഉണർവ്വ് ലഭിക്കുമ്പോഴും വിശ്വാസം അതിനെ പിന്തുടരുന്നില്ലെങ്കിൽ എന്ത് സംഭവിക്കും; ആത്മീയനേട്ടം വ്യക്തിസവിശേഷതയായി പരിണമിക്കുമ്പോഴെന്തു സംഭവിക്കും; തന്റേതായ ജീവിതത്തെ പരിപോഷിപ്പിക്കുന്നതിനുപകരം, മറ്റൊരുവന്റെ ജീവിതത്തിലേക്ക് കണ്ണുകളെത്തിക്കുമ്പോഴെന്തു സംഭവിക്കും; മനസ്സ് സ്വരൂപിച്ചെടുത്ത നിഗമനങ്ങൾ ശരിയെന്നു കരുതി അതിൽ മാത്രമായി ഒതുങ്ങി, അതിന്റെ നിറം പിടിപ്പിച്ച കണ്ണാടിയിലൂടെയുള്ള കാഴ്ചകൾ യഥാർത്ഥമെന്നു തെറ്റിദ്ധരിക്കുമ്പോഴെന്തു സംഭവിക്കും തുടങ്ങിയ വിഷയങ്ങൾ നമ്മൾ വിശദമായി പരിശോധിച്ചു.

മറ്റെല്ലാ തടസ്സങ്ങൾക്കുള്ളിലും ഒളിഞ്ഞിരിക്കുന്ന, ഏറ്റവും ആഴമേറിയ തടസ്സത്തെയാണ് നാമിനി പരിശോധനാവിധേയമാക്കുന്നത്.

തന്റെ ജീവിതകാലം മുഴുവൻ ഒരു വാതിലിനു കാവൽ നിന്നൊരാളെക്കുറിച്ചൊരു ദൃഷ്ടാന്തകഥയുണ്ട്. അവനാഗ്രഹിച്ചതെല്ലാം ആ വാതിലിനു പുറകിലുണ്ടെന്നും, അതേസമയം, അവനെ നശിപ്പിക്കാൻ

പര്യാപ്തമായവയും അവിടെത്തന്നെയുണ്ടെന്നും ചെറുപ്പമായിരുന്നപ്പോൾ അവനറിഞ്ഞിരുന്നു. അതിനാൽ, അവൻ വാതിൽ ഭദ്രമായി പൂട്ടിവെച്ച് അതിന് കാവൽ നിന്നു. അങ്ങിനെയവൻ വാർദ്ധക്യം പ്രാപിച്ചു, മരണം ആസന്നമായപ്പോഴവൻ മാലാഖയോട് ചോദിച്ചു, "അപ്പറഞ്ഞത് ശരിയായിരുന്നോ? നശിപ്പിക്കപ്പെടുന്ന അവസ്ഥ ആ വാതിലിനു പുറകിലുണ്ടായിരുന്നുവോ?" മാലാഖ ആ വാതിൽ തുറന്നു കാണിച്ചു, വാതിലിനപ്പുറം ശൂന്യമായിരുന്നു; എക്കാലവും അത് ശൂന്യം തന്നെയായിരുന്നു.

ഭയം എപ്പോഴും നമ്മളെ യഥാർത്ഥ അപകടങ്ങളിൽ നിന്ന് സംരക്ഷിക്കുന്നില്ല. സാങ്കൽപ്പികമായ അപകടങ്ങളിൽ നിന്നും അത് നമ്മെ സംരക്ഷിക്കുന്നുണ്ട്, അതുവഴി, നമ്മുടെ ജീവിതം കാത്തിരിക്കുന്ന മുറിയിലേക്ക് പ്രവേശിക്കുന്നതിൽ നിന്നും അത് നമ്മെ തടയുകയും ചെയ്യുന്നു.

## എല്ലാറ്റിനെയും ബന്ധിപ്പിക്കുന്ന നൂലിഴ

നാമിതുവരെ പരിശോധിച്ചതെല്ലാത്തിനെയും താഴെപറയുന്ന പ്രസ്താവന പുനഃക്രമീകരിച്ചേക്കാം: ഭയമെന്നത് ഏഴാമത്തെ വിഷമല്ല, ആദ്യത്തേതാണ്. വ്യത്യസ്ത വേഷവിധാനങ്ങളിൽ, വ്യത്യസ്ത നാമധേയങ്ങളിൽ പ്രവർത്തിച്ചുകൊണ്ട് അതെക്കാലവും നമ്മോടൊപ്പമുണ്ടായിരുന്നു.

വിഭജിക്കപ്പെട്ട ഹൃദയത്തെ നമുക്കൊരിക്കൽ കൂടി പരിശോധനാവിധേയമാക്കാം: ഉയർന്ന ചെന്നായയെ പോഷിപ്പിക്കുന്നതാണ് ഉചിതമായിട്ടുള്ളത് എന്നറിയാവുന്ന സാധകൻ എന്തുകൊണ്ടാണ് താഴ്ന്ന ചെന്നായയെ വീണ്ടും വീണ്ടും പരിപോഷിപ്പിച്ചുകൊണ്ടിരിക്കുന്ന



**ഭയമെന്നത് ഏഴാമത്തെ വിഷമല്ല, ആദ്യത്തേതാണ്. വ്യത്യസ്ത വേഷവിധാനങ്ങളിൽ, വ്യത്യസ്ത നാമധേയങ്ങളിൽ പ്രവർത്തിച്ചുകൊണ്ട് അതെക്കാലവും നമ്മോടൊപ്പമുണ്ടായിരുന്നു.**

ത്? സുപരിചിതമായതിനെ ഉപേക്ഷിച്ചുകൊണ്ട് ഉയർന്ന ചെന്നായയെ തിരഞ്ഞെടുക്കുക എന്നാൽ, അനിശ്ചിതമായൊരു മേഖലയിലേക്ക് കാലെടുത്തുവെയ്ക്കുകയാണ് എന്നതാണ് ഫലം. വിഭജിക്കപ്പെട്ട ഹൃദയം യഥാർത്ഥത്തിൽ ആഗ്രഹത്താൽ ഭാഗിക്കപ്പെട്ടതല്ല, ഭയത്താലാണ് അത് വേർതിരിക്കപ്പെട്ടിട്ടുള്ളത്; ഒരു ഭാഗം തിരഞ്ഞെടുക്കുമ്പോൾ നഷ്ടമാവുന്നതെന്താവും എന്നറിയാത്തതുകൊണ്ടുള്ള ഭയം – പാലം മറികടന്നാൽ പിന്നീടൊരിക്കലും തിരിച്ചുവരാനാവില്ല എന്ന ഭയം.

അണയാത്ത കനലിനെ നമുക്കൊരിക്കൽ കൂടി പരിശോധിക്കാം: കഴിവുകളെല്ലാമുള്ള, അവസരങ്ങൾ ഒട്ടേറെയുള്ള, പദ്ധതികൾ ധാരാളമായുള്ള ചെറുപ്പക്കാരി എന്തുകൊണ്ടാണ് അനങ്ങാനാവാതെ കിടക്കയെ ആശ്രയിക്കുന്നത്? "എന്നിലുള്ള ഒന്ന് എന്നെ അനങ്ങാനനുവദിക്കുന്നില്ല, അത്രമാത്രം," എന്ന് അവൾ പറഞ്ഞു. നമ്മളതിനെ അലസതയായും തമസ്സായും കണക്കാക്കി. എന്നാൽ, ആ അഗ്നിയെ പ്രകടമാവാനനുവദിക്കാതെ വീർപ്പുമുട്ടിച്ചതെന്താണ്? ഭയം: ഉത്തരവാദിത്വത്തിന്റെ ഭയം, നിങ്ങൾ ഉണർന്നെഴുന്നേൽക്കുമ്പോൾ എന്താവുമെന്ന ഭയം, ശ്രമിക്കുകയും നിങ്ങൾ അതിൽ വിജയിക്കുകയും ചെയ്താൽ വീണ്ടും വിജയിച്ചുകൊണ്ടേയിരിക്കേണ്ടത് അനിവാര്യമെന്ന ചിന്തയാലുയരുന്ന ഭയം, ശ്രമിച്ചിട്ടും ഫലം പരാജയമാവുമ്പോൾ നിങ്ങളെക്കുറിച്ച് സ്വയമുണ്ടാക്കിയെടുത്തിട്ടുള്ള, രഹസ്യമാക്കിവെച്ചിട്ടുള്ള ശങ്ക ആ പരാജയം ഉറപ്പാക്കുമെന്ന ഭയം. അണയാതെ കിടന്ന തീ വെറുതെയങ്ങ് കെട്ടുപോയതല്ല, ഭയമതിനെ അണയ്ക്കുകയാണുണ്ടായത്. എന്നിട്ട്, ആ ചാരത്തിനുമുകളിൽ കയറിനിന്ന്, അതിനെ അലസതയെന്നു മുദ്രകുത്തി.

വിള്ളൽ വീണ അടിത്തറ വീണ്ടും നമുക്കൊന്ന് പരിശോധിക്കാം: പതിനൊന്നു വർഷത്തോളം ധ്യാനിക്കുകയും ചുറ്റുമുള്ളവർക്കെല്ലാം സ്പഷ്ടമാവുംവണ്ണം പരിണമിക്കുകയും ചെയ്ത ആ സഹോദരിയുടെ സംശയം,"ഇത് യാഥാർത്ഥ്യമാണോ, വാസ്തവത്തിൽ എന്തെങ്കിലും മാറ്റങ്ങളുണ്ടായോ?" എന്നായിരുന്നല്ലോ. അവളിൽ സംഭവിച്ച പരിണാമത്തെ വിശ്വസിക്കുകയെന്നാൽ, അതെടുത്തുമാറ്റാനുള്ള സാദ്ധ്യതയും

നിലവിലുണ്ട് എന്ന യാഥാർത്ഥ്യം അംഗീകരിക്കൽ കൂടിയാണ്. സംശയം ബുദ്ധിവൈഭവമല്ല; അത് ഭൂതകാലത്തെക്കുറിച്ചുള്ള ഭയമാണ്. നൽകപ്പെട്ടത് ഇല്ലാതാക്കാനാവുമെന്ന ഭയം, നമുക്കനുഭവമായതിനേക്കാൾ ഉള്ളുറപ്പ കുറഞ്ഞതാണ് കാൽക്കീഴിലെ മണ്ണ് എന്ന തിരിച്ചറിവിനാലുള്ള ഭയം. നമ്മളതിനെ സംശയമെന്ന പേർ നൽകി, എന്നാലതിന്റെ യഥാർത്ഥ നാമം ഭയമെന്നാണ് – വിശുദ്ധിയുടെയും സേവനത്തിന്റെയും വേഷവിധാനമുള്ള – ലാബ് കോട്ട്– ഭയം.

അഹങ്കാരം സൃഷ്ടിച്ച മേൽത്തട്ടിനെ നമുക്കൊന്നുകൂടി പരിശോധിക്കാം: സ്വയം സൃഷ്ടിച്ച ഹരിതഗൃഹത്തിന്റെ മേൽക്കൂര തകർക്കാൻ അഹങ്കാരം വിസ്സമ്മതിച്ചതെന്തേ? തുറന്ന ആകാശത്തിന് അതിരുകളില്ല എന്നതാണതിനു കാരണം. ഹരിത ഗൃഹത്തിനു പുറത്ത് യഥാർത്ഥ കാലാവസ്ഥ നിലനിൽക്കുന്നുണ്ട്: സുഖശീതളമായ കാറ്റ്, കാറ്റും കോളും, പ്രവചനാതീതമായ അവസ്ഥ തുടങ്ങിയവ. അഹങ്കാരത്തിന്റെ ആവരണം മിഥ്യാഭിമാനത്തെ ബന്ധപ്പെടുത്തിയ ഒന്നല്ല; അത് സംരക്ഷണമാണ്. ഗ്ലാസ് പൊട്ടിത്തകർന്നാൽ, നമ്മൾ തുറന്നുകാട്ടപ്പെടും. നേട്ടങ്ങളുടെ മേലങ്കിയണിഞ്ഞ ഭയമാണ് അഹങ്കാരം.

കടംകൊണ്ട മുറിവ് കൂടി പരിശോധിക്കാം: അസൂയ നിറഞ്ഞ ഹൃദയം ചുറ്റുമുള്ള മറ്റു ജീവിതങ്ങളിലേക്കു നോക്കിക്കൊണ്ടേയിരിക്കുന്നത് എന്തുകൊണ്ടാണ്?



**സംശയം ബുദ്ധിവൈഭവമല്ല; അത് ഭൂതകാലത്തെക്കുറിച്ചുള്ള ഭയമാണ്. നൽകപ്പെട്ടത് ഇല്ലാതാക്കാനാവുമെന്ന ഭയം, നമുക്കനുഭവമായതിനേക്കാൾ ഉള്ളുറപ്പ കുറഞ്ഞതാണ് കാൽക്കീഴിലെ മണ്ണ് എന്ന തിരിച്ചറിവിനാലുള്ള ഭയം. നമ്മളതിനെ സംശയമെന്ന പേർ നൽകി, എന്നാലതിന്റെ യഥാർത്ഥ നാമം ഭയമെന്നാണ് – വിശുദ്ധിയുടെയും സേവനത്തിന്റെയും വേഷവിധാനമുള്ള – ലാബ് കോട്ട് – ഭയം.**

തങ്ങളുടെ ജീവിതം ജീവിച്ച് തീർക്കുകയല്ലേ അഭികാമ്യമായുള്ളത്? നമുക്ക് നൽകപ്പെട്ടത് മതിയായതാണോ, നമ്മൾ സ്വയം പര്യാപ്തമാണോ – ഈ സംഭ്രമജനകമായ ചോദ്യങ്ങളെ നേരിടുക എന്നതാവും നമ്മുടേതായ ജീവിതം നാം നയിക്കുക എന്നത്. മറ്റുള്ളവന്റെ നേട്ടങ്ങളോട് നമുക്കുള്ള മനോഭാവത്തെയല്ല അസൂയ എന്നതുകൊണ്ടുദ്ദേശിക്കുന്നത്; നമുക്ക് ലഭിച്ച വരദാനങ്ങൾ അപര്യാപ്തമാണ് എന്ന തോന്നലാണ് അസൂയയ്ക്ക് അടിസ്ഥാനമാവുന്നത്. താരതമ്യപ്പെടുത്തലിന്റെ മുഖംമൂടിയണിഞ്ഞ ഭയം തന്നെയാണ് അസൂയയും സ്പർദ്ധയും.

നമുക്കദൃശ്യമായ മതിലുകളെ നമുക്ക് വീണ്ടും പരിശോധിക്കാം: പകർന്നുകിട്ടിയ ധാരണകളും വിശ്വാസങ്ങളും സുരക്ഷിതമെന്നുകരുതി, മനസ്സ് അവയ്ക്കുപിന്നിൽ സ്വയം ബന്ധനസ്ഥ മാവുന്നത് എന്തുകൊണ്ടാണ്? അങ്ങിനെ, പുതിയ പ്രകാശം ഉള്ളിൽ പ്രവേശിക്കുന്നതിന് തടസ്സമാവുന്നതെന്തുകൊണ്ടാണ്? കാരണം, തുറന്ന പ്രകൃതം ഭയജനകമാണ്. ലോകത്തെക്കുറിച്ചുള്ള നമ്മുടെ ധാരണ പരിമിതമാവാമെന്ന വസ്തുത അംഗീകരിക്കുന്നത്, നമ്മൾ നിലയുറപ്പിച്ചിട്ടുള്ള മണ്ണ് മുഴുവൻ നിലമല്ല (പൂർണ്ണമല്ല) എന്നംഗീകരിക്കുന്നതിനു തുല്യമാകും. മുൻവിധിയെന്നത് മറ്റൊരാളെക്കുറിച്ചോ, മറ്റൊരു മതത്തെയോ സമൂഹത്തെയോ, മറ്റൊരു രീതിയിൽ കാണുന്നതിനെയോ അടിസ്ഥാനമാക്കിയല്ല. ജനവാതിൽ തുറക്കുമ്പോൾ, പേരറിയാത്തൊരു നിറം അകത്തുപ്രവേശിക്കുമ്പോഴുണ്ടാവുന്ന ഭയത്തെക്കുറിച്ചുള്ളതാണത്; നമ്മുടെ വ്യക്തിസവിശേഷത മെനെഞ്ഞെടുക്കുന്നതിന് അടിസ്ഥാനമായതെല്ലാം ഇനി പുനർവിചിന്തനം നടത്തേണ്ടതായി വരും. ഉറപ്പിന്റെ (certainity) മുഖാവരണം ധരിച്ച ഭയമാണ് മുൻവിധി.



**ജനവാതിൽ തുറക്കുമ്പോൾ, പേരറിയാത്തൊരു നിറം അകത്തുപ്രവേശിക്കുമ്പോഴുണ്ടാവുന്ന ഭയത്തെക്കുറിച്ചുള്ളതാണത്; നമ്മുടെ വ്യക്തിസവിശേഷത മെനെഞ്ഞെടുക്കുന്നതിന് അടിസ്ഥാനമായതെല്ലാം ഇനി പുനർവിചിന്തനം നടത്തേണ്ടതായി വരും. ഉറപ്പിന്റെ (certainity) മുഖാവരണം ധരിച്ച ഭയമാണ് മുൻവിധി.**

ഈ ഏഴുവിഷങ്ങൾക്കും മൂലകാരണമായിട്ടുള്ളത് ഒരേ കമ്പനമാണ്.

## പക്ഷാഘാതത്തിന്റെ ശരീരശാസ്ത്രം

കാര്യങ്ങളെ പെരുപ്പിച്ചു കാണിച്ചുകൊണ്ടാണ് ഭയം പ്രവർത്തിക്കുന്നത്. ഭയം, സാധ്യതയുള്ളൊരു ഫലത്തെ കണ്ടെത്തി, മുഴുവൻ ചക്രവാളവും നിറയുന്നതുവരെ അതിനെ ഊതിപ്പെരുപ്പിക്കുന്നു. ഭയത്തിന്റെ പിടിയിലാവുമ്പോൾ, "ഞാൻ പരാജിതനായാലെന്താവും" എന്നത് ഉറപ്പായൊരു ദുരന്തമാവും. "എന്നെയവർ തള്ളിക്കളഞ്ഞാലോ" എന്നത് ചോദ്യം ചെയ്യാനാവാത്തൊരു സത്യമായി മാറും. "ഞാൻ അതിന് യോഗ്യനല്ലെങ്കിലോ" എന്ന ആശങ്ക, ഇനിയും പൂർണമായും ജീവിച്ചു തീരാത്ത ഒരു ജീവിതത്തിന്റെ അന്തിമവിധി തീർപ്പാക്കലാവും.

ആത്യന്തിക സത്യം തേടി യമലോകത്തേക്ക് സ്വമനസ്സാലെ കടന്നുചെന്ന യുവാവായ നചികേതസ്സിനെക്കുറിച്ചുള്ള കഥ കഠോപനിഷത്തിൽ പറയുന്നുണ്ട്. നചികേതസ്സിന്റെ അച്ഛൻ ഒരു യാഗം നടത്തിയപ്പോൾ ഉപയോഗശൂന്യമായ പാഴ് വസ്തുക്കളാണ് അദ്ദേഹം ദാനമായി നൽകിയത്; മെച്ചപ്പെട്ടതെല്ലാം തനിക്കായി മാറ്റിവെച്ചു. ഈ പ്രവൃത്തിയിലെ പൊള്ളത്തരം മനസ്സിലാക്കിയ കുട്ടി, "എന്നെ ആർക്കാണ് അങ്ങ് നൽകുക?" എന്ന് മൂന്നുപ്രാവശ്യം അച്ഛനോട് ചോദിച്ചു. ദേഷ്യത്തിന്റെ ഒരു മിന്നലാട്ടത്തിൽ അദ്ദേഹം പറഞ്ഞു, "നിന്നെ ഞാൻ മരണത്തിനു നൽകും."

അങ്ങിനെ ആ കുട്ടി അവിടെനിന്നും പോയി. മുതിർന്നവരെല്ലാം അത്യധികം ഭയക്കുന്നിടത്തേക്കാണ് ആ കുട്ടി നേരിട്ട് ചെന്നത്; കൂസലില്ലാത്തതുകൊണ്ടല്ല, സത്യത്തെ അറിയാനുള്ള അതികാംക്ഷ മരണഭയത്തേക്കാൾ അവനിലുയർന്നുനിന്നതിനാലാണ്. നചികേതസ്സ് യമലോകത്തെത്തിയപ്പോൾ യമദേവൻ അവിടെയുണ്ടായിരുന്നില്ല. അതുകൊണ്ട്, മൂന്ന് ദിനവും മൂന്ന് രാത്രിയും അവൻ ആ വാതിക്കൽ കാത്തുനിന്നു; ഭക്ഷണം കഴിക്കാതെ, സംരക്ഷണമേതുമില്ലാതെ, സമാധാനിപ്പിക്കാൻ ഒരുവൻ പോലുമില്ലാതെ. യമദേവൻ

തിരിച്ചെത്തിയപ്പോൾ, അവനിൽ പ്രസന്നനായി, മൂന്ന് വരങ്ങൾ നൽകാമെന്ന് അവനോട് പറഞ്ഞു.

പിതാവിന്റെ കോപമൊടുങ്ങണമെന്നായിരുന്നു അവൻ ആദ്യം ആവശ്യപ്പെട്ട വരം. സ്വർഗ്ഗം ലഭ്യമാക്കുന്ന യജ്ഞം നടത്തുന്നതെങ്ങിനെയെന്ന് പഠിപ്പിക്കണമെന്ന് അവൻ രണ്ടാമതായി ആവശ്യപ്പെട്ടു. രണ്ടു കാര്യങ്ങളും ഉടനടി അംഗീകരിക്കപ്പെട്ടു. മൂന്നാമതായി അവൻ ആവശ്യപ്പെട്ടത് മരണദേവനെപോലും ഞെട്ടിച്ചുകളഞ്ഞു. "മരണത്തിനുശേഷം എന്തുസംഭവിക്കുമെന്ന് എനിക്ക് പറഞ്ഞുതരൂ. ആത്മാവ് അതിനുശേഷവും നിലനിൽക്കുമോ? സത്യമെന്തെന്ന് പറയൂ," അവനാവശ്യപ്പെട്ടു.

ഭയത്താൽ ഭരിക്കപ്പെടുന്നവൻ സന്തോഷപൂർവ്വം സ്വീകരിക്കാൻ തയ്യാറാവുന്നതെല്ലാം യമദേവൻ അവന് വാഗ്ദാനം ചെയ്തു: സമ്പത്ത്, രാജ്യങ്ങൾ, ദീർഘായുസ്സ്, സുന്ദരികൾ, സങ്കൽപ്പിക്കാവുന്നതിനപ്പുറമുള്ള സുഖസൗകര്യങ്ങൾ തുടങ്ങിയവ. ലോകം വിലപ്പെട്ടതായി കരുതുന്ന എല്ലാ കഴിവുകളും സൗഭാഗ്യങ്ങളും ആ ബാലന്റെ പാദങ്ങളിൽ അർപ്പിക്കപ്പെട്ടു. പക്ഷേ, നചികേതസ്സ് അതെല്ലാം തിരസ്കരിച്ചു. "ഇതിനെല്ലാം അവസാനമുണ്ട്. അങ്ങ് മരണദേവനാണല്ലോ. മറ്റാരേക്കാളും ഇക്കാര്യം അങ്ങേക്കറിയാവുന്നതുമാണ്. ഒരിക്കലുമവസാനിക്കാത്തതെന്തെന്ന് എനിക്ക് പറഞ്ഞു തന്നാലും," അവൻ അഭ്യർത്ഥിച്ചു. ശുദ്ധീകരിക്കപ്പെട്ട വിശ്വാസമാണിത്. ആത്മാവ് ആഴമേറിയൊരു ചോദ്യം ഉന്നയിക്കുമ്പോൾ,



**ശുദ്ധീകരിക്കപ്പെട്ട വിശ്വാസമാണിത്. ആത്മാവ് ആഴമേറിയൊരു ചോദ്യം ഉന്നയിക്കുമ്പോൾ, നിസ്സാരങ്ങളായ ഉത്തരങ്ങൾ സ്വീകരിക്കാൻ തയ്യാറാവാത്ത മനഃസ്ഥിതി. ഭയരഹിതാവസ്ഥയല്ല ഇത്; താരതമ്യപ്പെടുത്തുകയാണെങ്കിൽ, ഭയത്തെക്കാളേറെ തീവ്രാഭിലാഷം വളർന്നതിനാൽ, ഭയം നിസ്സാരമായി മാറിയ അവസ്ഥയാണിത്.**

നിസ്സാരങ്ങളായ ഉത്തരങ്ങൾ സ്വീകരിക്കാൻ തയ്യാറാവാത്ത മനഃസ്ഥിതി. ഭയരഹിതാവസ്ഥയല്ല ഇത്; താരതമ്യപ്പെടുത്തുകയാണെങ്കിൽ, ഭയത്തെക്കാളേറെ തീവ്രാഭിലാഷം വളർന്നതിനാൽ, ഭയം നിസ്സാരമായി മാറിയ അവസ്ഥയാണിത്.

ചാരിജി ഒരിക്കൽ ഈ കഥ ചർച്ചാവിഷയമാക്കി. പഠിക്കുവാൻ തയ്യാറുള്ളവർക്ക്, മരണം ഏറ്റവും മികച്ച അദ്ധ്യാപകനായിരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. മരണഭയത്തെ നചികേതസ്സ് കീഴടക്കിയില്ല; സുരക്ഷിതത്വത്തേക്കാൾ യാഥാർത്ഥ്യമെന്തെന്നറിയണം എന്ന് മാത്രമേ അദ്ദേഹം ആഗ്രഹിച്ചുള്ളൂ. കാവലുള്ള വാതിൽ തുറക്കുവാനുള്ള താക്കോൽ ഇതാണ്: ഭയത്തെ ഒഴിവാക്കിക്കൊണ്ടല്ല അതിനെ മറികടക്കേണ്ടത്; ഭയത്തെ അപ്രസക്തമാക്കുന്ന ഒന്ന് വളർത്തിയെടുക്കുന്നതിലൂടെയാണ്. കത്തിക്കൊണ്ടിരിക്കുന്ന കെട്ടിടത്തിലേക്ക് കുഞ്ഞിനെ രക്ഷിക്കാനായി ഓടിക്കയറുന്ന മാതാവ് അഗ്നിയോടുള്ള ഭയത്തെ കീഴടക്കാൻ ഒരുനിമിഷം കാത്തുനിന്നില്ല. കുഞ്ഞിനോടുള്ള അവരുടെ സ്നേഹം അതിനേക്കാൾ വലുതായിരുന്നു. അഗ്നിയ്ക്ക് മാറ്റമൊന്നും സംഭവിച്ചില്ല, അമ്മക്കാണ് മാറ്റമുണ്ടായത്.

## ജീവിച്ചുതീർക്കാത്ത ജീവിതത്തിന്റെ സംസ്കാരങ്ങൾ

ശ്രമിക്കാതെ മരിക്കുന്ന ഓരോ സ്വപ്നവും, ജീവിച്ച് പരാജയപ്പെട്ട ഏതൊരു സ്വപ്നത്തേക്കാളും കൂടുതൽ, സ്വപ്നം കാണുന്നയാളെ വേട്ടയാടും. പാരമ്പര്യങ്ങൾ എപ്പോഴും പഠിപ്പിച്ചു തന്നിട്ടുള്ള ജ്ഞാനമാണിത്; പരാജയത്തിന്റെ സംസ്കാരങ്ങളെക്കാൾ ആഴത്തിൽ മുറിവേൽപ്പിക്കുന്നത് അപൂർണ്ണതയുടെ സംസ്കാരങ്ങളാണ്. പൂർത്തിയായതും എന്നാൽ ദുഃഖത്തിൽ കലാശിച്ചതുമായ പ്രവൃത്തിക്ക് പോലും സമാധാനം നൽകുന്ന ഒരു സത്യസന്ധതയുണ്ട്. അതേസമയം, ഉപേക്ഷിക്കപ്പെട്ട ഒരു സ്വപ്നത്തിന് അത്തരം സത്യസന്ധതയില്ല. അത് നമ്മുടെ ബോധത്തിൽ സജീവമായി പരിഹരിക്കപ്പെടാതെ തുടരും. ഭയത്താൽ ഉത്തരം നൽകാൻ നാം വിസമ്മതിക്കുന്ന ചോദ്യം നിരന്തരം ഉന്നയിക്കപ്പെട്ടുകൊണ്ടേയിരിക്കും

ഹാർട്ട്ഫുൾനെസ്സിലെ സായാഹ്ന ശുദ്ധീകരണപ്രക്രിയ, നമ്മുടെ മുദ്രണങ്ങളെ പുറത്തുപോകാൻ സഹായിക്കുന്നു. നാം ചെയ്തതും, പറഞ്ഞതും, അനുഭവിച്ചതുമെല്ലാം നാം എടുത്തുകളയുന്നു. എന്നാൽ നമ്മൾ ചർച്ച ചെയ്യാത്ത ഒരു കാര്യം നമുക്ക് പരിശോധിക്കാം. നമ്മൾ ചെയ്യാത്ത കാര്യങ്ങൾ സൃഷ്ടിച്ച മുദ്രണങ്ങൾക്ക് എന്ത് സംഭവിക്കും? നമ്മൾ ഒഴിവാക്കിയ സംഭാഷണം, പറയാതിരുന്ന സത്യം, എടുക്കാതിരുന്ന ചുവടുകൾ, പ്രകടിപ്പിക്കാതിരുന്ന സ്നേഹം എന്നിവയും നമ്മളിൽ മുദ്രണം പതിപ്പിക്കുന്നുണ്ട്. പ്രവൃത്തിയുടെ മുദ്രണങ്ങളെക്കാൾ മായ്ക്കാൻ ബുദ്ധിമുട്ടായിരിക്കും അവ; കാരണം അവ സംഭവങ്ങളല്ല, അഭാവങ്ങളാണ്. അവ നിഴലുകളാണ്, നിഴലുകളെ നമ്മൾ എങ്ങിനെ തുടച്ചുനീക്കും?

ഓരോ തവണയും ഭയം കർമ്മത്തെ പ്രതിരോധിക്കുമ്പോൾ, നടക്കാത്ത ആ പ്രവൃത്തി അപൂർണ്ണതയുടെ ഒരു സംസ്കാരം നമ്മിൽ നിക്ഷേപിക്കും. മാസങ്ങളിലൂടെയും വർഷങ്ങളിലൂടെയും പതിറ്റാണ്ടുകളിലൂടെയും അടിഞ്ഞുകൂടിയ ഈ സംസ്കാരങ്ങൾ നമ്മിൽ ഭാരം സൃഷ്ടിക്കാൻ തുടങ്ങുന്നു. അലസത പോലെ തോന്നിക്കുന്ന തമസ്സിനെ അത് സൃഷ്ടിക്കുന്നു, യഥാർത്ഥത്തിൽ സാധ്യമായിരുന്നതും ജീവിക്കാതെ പോയതുമായ ജീവിതത്തോടുള്ള ദുഃഖമാണ് അത്.



**ഓരോ തവണയും ഭയം കർമ്മത്തെ പ്രതിരോധിക്കുമ്പോൾ, നടക്കാത്ത ആ പ്രവൃത്തി അപൂർണ്ണതയുടെ ഒരു സംസ്കാരം നമ്മിൽ നിക്ഷേപിക്കും. മാസങ്ങളിലൂടെയും വർഷങ്ങളിലൂടെയും പതിറ്റാണ്ടുകളിലൂടെയും അടിഞ്ഞുകൂടിയ ഈ സംസ്കാരങ്ങൾ നമ്മിൽ ഭാരം സൃഷ്ടിക്കാൻ തുടങ്ങുന്നു. അലസത പോലെ തോന്നിക്കുന്ന തമസ്സിനെ അത് സൃഷ്ടിക്കുന്നു, യഥാർത്ഥത്തിൽ സാധ്യമായിരുന്നതും ജീവിക്കാതെ പോയതുമായ ജീവിതത്തോടുള്ള ദുഃഖമാണ് അത്.**

ഓരോ തവണയും എന്തെങ്കിലും ചെയ്യുന്നതിൽ നിന്ന് ഭയം നിങ്ങളെ തടയുമ്പോൾ, ഒഴിവാക്കൽ അൽപ്പം എളുപ്പമാകും, നിങ്ങളുടെ ധൈര്യം അൽപ്പം ദുർബലവുമാകും. ഒഴിവാക്കപ്പെടുന്ന ഓരോ ചുവടിലും ജീവിക്കാത്ത ജീവിതം കൂടുതൽ ഭാരമുള്ളതായി മാറുന്നു, ജീവിക്കാത്തതിന്റെ ഭാരമാണ് ഒടുവിൽ അടുത്ത ചുവടുവയ്പ്പ് അസാധ്യമാക്കുന്നത്. നിങ്ങൾക്ക് ചലിക്കാൻ സാധ്യമല്ലാഞ്ഞിട്ടല്ല; മറിച്ച് നിങ്ങൾ നിശ്ചലമായി നിന്നപ്പോൾ നിങ്ങളുടെ പാദങ്ങൾ ഭൂമിയിൽ ഉറച്ചുപോയതാണ്.

## നമ്മെ മുന്നോട്ട് നയിക്കുന്നത് എന്താണ്?

ആത്മീയ അർത്ഥത്തിൽ വിശ്വാസം ഉടലെടുക്കുന്നത് അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്, തെളിവില്ലാത്ത വിശ്വാസത്തിലല്ല. ധ്യാനത്തിലിരിക്കുമ്പോൾ, തന്നേക്കാൾ വലിയ ഒരു സാന്നിധ്യം അനുഭവപ്പെടുന്ന വ്യക്തി, ഭയത്തിന് വിശദീകരിക്കാൻ കഴിയാത്ത എന്തോ ഒന്ന് അനുഭവിക്കുന്നു. നിത്യേനയുള്ള, വർഷങ്ങളായി ആവർത്തിക്കുന്ന ഈ പ്രക്രിയ, സ്വപ്നം കാണുന്ന വ്യക്തിയുടെ കാൽക്കീഴിൽ ഭയത്തിന് ഇല്ലാതാക്കാൻ കഴിയാത്ത ഒരു അടിത്തറ പണിയുന്നു.

ഹാർട്ട്ഫുൾനെസ് പദ്ധതിയിൽ, ഭയം സൃഷ്ടിക്കുന്ന കെണിയെ പ്രാണാഹുതി അലിയിച്ചുകളയുന്നു. അതുകൊണ്ട്, ഈ സംപ്രേഷണം ഹൃദയത്തിൽ പ്രവേശിക്കുമ്പോൾ, അത് ഭയത്തോട് വാദിക്കുകയോ എതിർ തെളിവുകൾ നിരത്തുകയോ ചെയ്യുന്നില്ല, വളരെ യഥാർത്ഥവും സ്പഷ്ടവുമായ എന്തോ



**ആത്മീയ അർത്ഥത്തിൽ വിശ്വാസം ഉടലെടുക്കുന്നത് അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്, തെളിവില്ലാത്ത വിശ്വാസത്തിലല്ല. ധ്യാനത്തിലിരിക്കുമ്പോൾ, തന്നേക്കാൾ വലിയ ഒരു സാന്നിധ്യം അനുഭവപ്പെടുന്ന വ്യക്തി, ഭയത്തിന് വിശദീകരിക്കാൻ കഴിയാത്ത എന്തോ ഒന്ന് അനുഭവിക്കുന്നു.**

കൊണ്ട് അത് അവിടം നിറയ്ക്കുന്നു, ഭയത്തിന് അതിന്റെ അധികാരം നഷ്ടപ്പെടുന്നു. ആരെങ്കിലും വെളിച്ചം കാണിച്ചാൽ പിന്നെ നമുക്ക് ഇരുട്ടിനെ പേടിക്കേണ്ടതില്ല. ഇരുട്ടിനെ കീഴടക്കിയിട്ടല്ല, മറിച്ച് അതിപ്പോൾ അപ്രസക്തമാക്കിയിരിക്കുന്നു.

മാർഗദർശിക്കും ഇവിടെ ഒരു പങ്കുണ്ട്. മാതാപിതാക്കളുടെ കൈ പിടിച്ചിരിക്കുന്ന ഒരു കുട്ടിക്ക് അവർക്ക് ഒരിക്കലും തനിച്ച് പ്രവേശിക്കാൻ ധൈര്യപ്പെടാത്ത ഒരു മുറിയിലേക്ക് നടന്നുകയറാൻ സാധിക്കും. മുറി മാറിയതുകൊണ്ടല്ല, മറിച്ച് മുറിയിലുള്ളതെന്തും നേരിടാൻ കഴിയുമെന്ന് അവർ പിടിച്ചിരിക്കുന്ന കൈ അവർക്ക് തോന്നിപ്പിക്കുന്നതിനാലാണ്. പാത നടന്നു കഴിഞ്ഞതാണെന്നും, കാവൽ നിൽക്കുന്ന വാതിലിനു പിന്നിലെ മുറി ശൂന്യമോ അപകടകരമോ അല്ലെന്നും, മറിച്ച് നിങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുന്ന വസ്തുവാൽ അത് നിറഞ്ഞതാണെന്നും, നിങ്ങൾക്ക് ആവശ്യമുള്ളിടത്തോളം കാലം തന്റെ സഹായം ലഭിക്കുമെന്നും ആത്മീയ വഴികാട്ടി നിങ്ങൾക്ക് ഉറപ്പ് നൽകുന്നുണ്ട്.

നമ്മൾ ചർച്ച ചെയ്തതെല്ലാം ശരിവെക്കുന്ന ആർദ്രതയോടെ ബാബുജി ഒരിക്കൽ മനുഷ്യത്വത്തെക്കുറിച്ച് വിവരിച്ചു. എല്ലാ മനുഷ്യരും കുട്ടികളെപ്പോലെയാണ്, അവർക്ക് ഉറപ്പുനൽകേണ്ടത് ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. നമ്മൾ ബോധവാന്മാരാണെങ്കിലും ഇല്ലെങ്കിലും, കാലങ്ങളായി ഇറങ്ങിവന്ന, ആഴത്തിൽ വേരൂന്നിയ ഒരു ഭയം നമ്മുടെ



**പാത നടന്നു കഴിഞ്ഞതാണെന്നും, കാവൽ നിൽക്കുന്ന വാതിലിനു പിന്നിലെ മുറി ശൂന്യമോ അപകടകരമോ അല്ലെന്നും, മറിച്ച് നിങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുന്ന വസ്തുവാൽ അത് നിറഞ്ഞതാണെന്നും, നിങ്ങൾക്ക് ആവശ്യമുള്ളിടത്തോളം കാലം തന്റെ സഹായം ലഭിക്കുമെന്നും ആത്മീയ വഴികാട്ടി നിങ്ങൾക്ക് ഉറപ്പ് നൽകുന്നുണ്ട്.**

ഉള്ളിൽ നാം സൂക്ഷിക്കുന്നുണ്ട്. നമ്മുടെ യഥാർത്ഥ ഗൃഹത്തിൽ നിന്നും വളരെ അകലെയായതിനാൽ ഒരു ശൂന്യത നമുക്ക് അനുഭവപ്പെടുന്നു, എത്രയും വേഗം, അല്ലെങ്കിൽ പിന്നീട്, അത് നികത്തേണ്ടതിന്റെ ആവശ്യകത നമുക്ക് അനുഭവപ്പെടും.

ഈ ഖണ്ഡിക വീണ്ടും വായിക്കുക. ബാബുജിയുടെ കാഴ്ചപ്പാടിൽ, ഭയം ഒരു സ്വഭാവ വൈകല്യമോ, ലജ്ജിക്കേണ്ട ഒരു ബലഹീനതയോ അല്ല; അതിന്റെ ഉറവിടത്തിൽ നിന്ന് വളരെ ദൂരെ അലഞ്ഞുനടക്കുന്ന ആത്മാവിന്റെ അസ്തിത്വാവസ്ഥയാണത്. നിങ്ങൾ അനുഭവിക്കുന്ന ഭയം ഭീരുത്വമല്ല, ഗൃഹാതുരത്വമാണ്. അടച്ചിട്ട വാതിലിനു പിന്നിൽ നിങ്ങളൊളിപ്പിച്ചുവെച്ച സ്വപ്നം ഒരു ഭാവനയല്ല, മറിച്ച് നിങ്ങൾ എവിടെ നിന്നാണ് വന്നതെന്ന്, നിങ്ങളെ വിളിച്ചോർമ്മപ്പെടുത്തുന്ന ഒരു സ്മരണയാണ്.

## മരിക്കാൻ വിസമ്മതിക്കുന്ന സ്വപ്നം

'ഭയം', നിങ്ങൾ അറിയാൻ ആഗ്രഹിക്കാത്തത് എന്താണ്? അതില്ലാതാക്കിയെന്ന് നിങ്ങൾ കരുതിയ സ്വപ്നം ഇപ്പോഴും സജീവമാണ്. വിശദീകരിക്കാൻ കഴിയാത്ത അസ്വസ്ഥതയിലും, ബാഹ്യ സുഖസൗകര്യങ്ങൾക്കിടയിൽ നിലനിൽക്കുന്ന അതൃപ്തിയിലും, നിങ്ങളുടെ പ്രതിരോധം കുറയുകയും നിങ്ങളുടെ ഹൃദയം അനുവാദമില്ലാതെ സംസാരിക്കുകയും ചെയ്യുമ്പോൾ, പുലർച്ചെ മൂന്ന് മണിക്ക് ഉണ്ടാകുന്ന വിചിത്രമായ ഇളക്കത്തിലും അത് സജീവമാണ്. ആ ഇളക്കം ഉത്കണ്ഠയല്ല, അത് സ്വപ്നമാണ്, ഉള്ളിൽ നിന്ന് മുട്ടിവിളിച്ച്, പുറത്തുവിടാൻ ആവശ്യപ്പെടുകയാണ്.



ഏറ്റവും അസൂയയോടെ ഭയം കാത്തുസൂക്ഷിക്കുന്ന രഹസ്യം എന്താണ്? അതായത്, മുഴുവൻ ദൂരവും കീഴടക്കേണ്ട ആവശ്യമില്ല, ആദ്യപടി സ്വീകരിച്ചാൽ മാത്രം മതി എന്നാണത്. ദൂരം അനന്തമാണെന്ന് ഭയം പറയുന്നു, അതേസമയം, ഈ ഒരു ചുവടുവയ്പ്പ്, ഈ ശ്വാസം, ഇന്നത്തെ പ്രഭാതത്തിലെ ധ്യാനം എന്നിവ മാത്രമാണെന്നാണ് വിശ്വാസം പറയുന്നത്.

ഒരേ കഥയാണ് എല്ലാ ആത്മീയ പാരമ്പര്യവും പറയുന്നത്: ഭയം അനുവദിക്കുന്നതിലും കൂടുതൽ കാര്യങ്ങൾക്കായിട്ടാണ് നിങ്ങൾ സൃഷ്ടിക്കപ്പെട്ടത്. ആത്മാവിന്റെ കഴിവ് അനന്തമാണ്. കൂട് നാം സ്വയം സൃഷ്ടിച്ചതാണ്. ജീവിതകാലം മുഴുവൻ നിങ്ങൾ കാവലിരുന്ന വാതിൽ ഒരിക്കലും പുറത്തുനിന്ന് പൂട്ടിയതല്ല; അത് അകത്തുനിന്നും പൂട്ടിയതാണ്.

## പൂർണ്ണ വൃത്തം

ഫെബ്രുവരിയിലാണ് നമ്മൾ ഈ സന്ദേശ പരമ്പര ആരംഭിച്ചത്, എന്താണ് വേണ്ടതെന്നും എന്താണ് ശരിയെന്നും അറിയാവുന്ന വിഭജിച്ച ഒരു ഹൃദയത്തോടെയാണ് ഇത് തുടങ്ങിയത്. ലക്ഷ്യം മറന്നുപോയ തീയിലൂടെയും, സ്വയം വിശ്വസിക്കാൻ കഴിയാത്ത ഒരു അടിത്തറയിലൂടെയും, ആകാശം തുറക്കേണ്ടിയിരുന്ന നേട്ടങ്ങൾ കൊണ്ട് നിർമ്മിച്ച ഒരു മേൽക്കൂരയിലൂടെയും, മറ്റൊരാളുടെ ജീവിതത്തിൽ നിന്ന് കടമെടുത്തതും നമ്മുടേതാണെന്ന് തെറ്റിദ്ധരിച്ചതുമായ ഒരു മുറിവിലൂടെയും, നമ്മൾ മറന്നുപോയ നിറമുള്ള ഗ്ലാസ് ചുവരുകളിലൂടെയും നമ്മൾ സഞ്ചരിച്ചു.



**ദൂരം അനന്തമാണെന്ന് ഭയം പറയുന്നു, അതേസമയം, ഈ ഒരു ചുവടുവയ്പ്പ്, ഈ ശ്വാസം, ഇന്നത്തെ പ്രഭാതത്തിലെ ധ്യാനം എന്നിവ മാത്രമാണെന്നാണ് വിശ്വാസം പറയുന്നത്.**

ഇപ്പോൾ, അവയെയെല്ലാം ബന്ധിപ്പിക്കുന്ന ഒരു നൂൽ നമ്മൾ കണ്ടെത്തി: ഭയം. തിരഞ്ഞെടുക്കാൻ ഭയപ്പെടുന്നതിനാൽ ആഗ്രഹം നമ്മെ വിഭജിക്കുന്നു. ഉണരാൻ നമ്മൾ ഭയപ്പെടുന്നതിനാൽ ജഡത്വം നിലനിൽക്കുന്നു. വിശ്വസിക്കാൻ നമ്മൾ ഭയപ്പെടുന്നതിനാൽ സംശയം നമ്മെ നശിപ്പിക്കുന്നു. തുറന്ന ആകാശത്തെ ഭയപ്പെടുന്നതിനാൽ അഹങ്കാരം നമ്മെ പരിമിതപ്പെടുത്തുന്നു. നമ്മുടെ സ്വന്തം അപര്യാപ്തതയെ നാം ഭയപ്പെടുന്നതിനാൽ അസൂയ മറ്റൊരാളുടെ മുറിവ് കടമെടുക്കുന്നു, മറയില്ലാത്ത വെളിച്ചം എന്ത് വെളിപ്പെടുത്തുമെന്ന് നമ്മൾ ഭയപ്പെടുന്നതിനാൽ മുൻവിധി ജനാലകൾ അടയ്ക്കുന്നു. ഒടുവിൽ, ആറ് പേരുടെയും അമ്മയായ ഭയം തന്നെ വാതിൽ അകത്തു നിന്ന് പൂട്ടുന്നു, കാരണം അതിനു പിന്നിൽ കാത്തിരിക്കുന്നത് നാശമല്ല, മറിച്ച് നമ്മൾ എപ്പോഴും ജീവിക്കാൻ ഉദ്ദേശിച്ച ജീവിതമാണെന്ന് നമ്മൾ മറന്നുപോയിരിക്കുന്നു.

ഒരൊറ്റ പ്രവൃത്തിയിൽ താക്കോൽ തിരിയും. എല്ലാ ഭയങ്ങളെയും ഒറ്റയടിക്ക് കീഴടക്കുന്ന ഒരു മഹത്തായ പ്രവൃത്തിയല്ല അത്; മറിച്ച് ഭയം നിങ്ങളോട് ചെയ്യരുതെന്ന് പറഞ്ഞ ഒരു കാര്യം ഇന്ന് ചെയ്യുക എന്ന ഒരു ചെറിയ, മാറ്റാനാവാത്ത നടപടി മാത്രമാണത്. അതുകൊണ്ട്, ഭയം അർത്ഥശൂന്യമാണെന്ന് പറയുമ്പോൾ ധ്യാനത്തിൽ ഇരിക്കുക, ഭയം അപകടകരമാണെന്ന് പറയുമ്പോൾ സത്യം പറയുക, ഭയം നിങ്ങളെ വേദനിപ്പിക്കുമെന്ന് പറയുമ്പോൾ പൂർണ്ണമായി സ്നേഹിക്കുക, ഭയം നിങ്ങൾ വീഴുമെന്ന് പറയുമ്പോൾ നടപടിയെടുക്കുക.



**ഒരൊറ്റ പ്രവൃത്തിയിൽ താക്കോൽ തിരിയും. എല്ലാ ഭയങ്ങളെയും ഒറ്റയടിക്ക് കീഴടക്കുന്ന ഒരു മഹത്തായ പ്രവൃത്തിയല്ല അത്; മറിച്ച് ഭയം നിങ്ങളോട് ചെയ്യരുതെന്ന് പറഞ്ഞ ഒരു കാര്യം ഇന്ന് ചെയ്യുക എന്ന ഒരു ചെറിയ, മാറ്റാനാവാത്ത നടപടി മാത്രമാണത്.**

ഹിമ്മത്ത് ഇ മർദ, മദദ് ഇ ഖുദാ.

ധൈര്യത്തോടെ ഒരു ചുവട് വയ്ക്കുമ്പോൾ, ബാക്കി ദൂരം ദൈവം മറികടക്കും
ഭയം പറയുന്നു: “അങ്ങനെ സംഭവിച്ചാലോ.......?”
വിശ്വാസം പറയുന്നു: “എന്ത് സംഭവിച്ചാലും.......” കാത്തിരിക്കുന്ന ജീവിതം ജീവിക്കുക

സ്നേഹത്തോടേയും, പ്രാർത്ഥനയോടേയും,
കമലേഷ്



പൂജ്യശ്രീ ബാബുജി മഹരാജിന്റെ 127 ആം
ജന്മവാർഷികത്തോടനുബന്ധിച്ച് നൽകിയ സന്ദേശം
ഏപ്രിൽ 29,30, മെയ് 1 2026, കൻഹ ശാന്തി വനം

# *There's More Waiting For You*

to go a little deeper

## HEARTFULNESS APP

A Quiet Place to Start

Carry your practice with you — download the free app and connect with a personal trainer anytime.

Free Download. Daily practice. Trainer always Available.

Heartfulnessapp.org

## MASTERCLASSES

Go Deeper at Home

Learn with Daaji relaxation, meditation, cleaning, and prayer through three freely offered video sessions.

Free Videos. Learn from Daaji. 3 classes.

Heartfulness.org/global/masterclass

## RETREAT

Time for Just You

Step away from the noise and into a peaceful weekend that quietly deepens everything.

Peaceful Setting. Deepen Practice. Weekend Stays.

Heartfulness.org/global/retreat

## HEARTSPOTS

Find a Centre Near You

Your nearest meditation centre is closer than you think at no cost.

6000+ Centres. Heartful Community. Free to Visit.

Heartspots.heartfulness.org

Scan to download the free app, always there when you need it.
Start with a guided session, and let the practice find its own rhythm in you.
The journey inward begins with a single, still moment.

heartfulness

purity weaves destiny